LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി സമൂഹം

226(2430) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമരങ്ങളെ തുടർന്ന് ആദിവാസികൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനായിട്ടുണ്ടോ ;

(ബി) സമരഘട്ടങ്ങളിൽ ഉറപ്പ് നൽകുകയും പിന്നീട് അത് പാലിക്കാതെ ആദിവാസികളെ വഞ്ചിക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ ;

(സി) നിയമപ്രകാരം നൽകേണ്ട അവകാശങ്ങൾ പോലും ലഭ്യമാകാതെ ആദിവാസി സമൂഹം കടുത്ത പ്രതിസന്ധിയിലായിരിക്കുയാണെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. വിവിധ കാലഘട്ടങ്ങളിൽ പട്ടികവർഗ്ഗക്കാർ നടത്തിയ സമരങ്ങളെ തുടർന്ന് സർക്കാർ തലത്തിൽ ഉണ്ടായിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) ഇക്കാര്യത്തിൽ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയമപ്രകാരം നൽകുവാനുള്ള അവകാശങ്ങൾ പരമാവധി പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ പരാതികൾ ഉണ്ടാകുന്നപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കുടുതൽ പദ്ധതി

227(2431) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പയെടുത്ത് ഭവന നിർമ്മാണം തുടങ്ങിയിട്ട് പൂർത്തിയാക്കാത്ത എത്ര പട്ടിക വർഗ്ഗ കുടുംബങ്ങളാണ് വയനാട് ജില്ലയിലുള്ളതെന്ന് താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് കരുതൽ എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ധനസമാഹരണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) വയനാട് ജില്ലയിൽ വായ്പയെടുത്ത് ഭവന നിർമ്മാണം ആരംഭിച്ച് പണി പൂർത്തിയാക്കാൻ കഴിയാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം ശേഖരിച്ചിട്ടില്ല. എന്നാൽ വയനാട് ജില്ലയിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയാത്ത 3774 പട്ടികവർഗ്ഗ ഭവനങ്ങളുണ്ടെന്ന് വയനാട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ നടന്ന ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പണി പൂർത്തിയാകാത്ത പട്ടികവർഗ്ഗ ഭവനങ്ങളുടെ പണി പൂർത്തീകരിക്കുന്നതിനായി 'കരുതൽ'എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ 3678 പുതിയ വീടുകളും 300 വീടുകളുടെ പുനരുദ്ധാരണവും നടപ്പിലാക്കി വരുന്നുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസമാഹരണം നടത്തുന്നതാണ്.

ആദിവാസി മേഖലകളിലെ പട്ടിണി മരണം

228(2432) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ കഴിഞ്ഞ അഞ്ച് വർഷമായി പോഷകാഹാര കുറവുമൂലവും സാംക്രമിക രോഗങ്ങൾ ബാധിച്ചും എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള മരണങ്ങൾ ഒഴിവാക്കുന്നതിനും മരണ നിരക്ക് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അട്ടപ്പാടിയിലെ ശിശു മരണങ്ങളെയും ബന്ധപ്പെട്ട പ്രശ്നങ്ങളെയും പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് എസ്. എം. വിജയാനന്ദ് ഐ.എ.എസ്.-ന്റെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;വിശദാംശങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly